## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 30.12.2023 മുതൽ 03.01.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 52/2023 (104) വെള്ളിയാഴ്ച | തീയ്യതി 29/12/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 30.12.2023 | 31.12.2023 | 01.01.2024 | 02.01.2024 | 03.01.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0.1 | 0.1 | 0.1 |
| ഉയർന്ന താപനില (°C) | 34 | 33 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 27 | 25 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 69 | 69 | 69 | 69 | 69 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 49 | 49 | 49 | 49 | 49 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 5 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 270 | 270 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 7 | 6 | 7 | 5 | 7 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (മുണ്ടകൻ) കതിർപരുവം | ഓലച്ചുരുട്ടിപ്പുഴു | നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സി.സി. ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ച് വയലിന്റെ പല ഭാഗത്ത് ഓലയുടെ അടി ഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാ നീലിപ്രോൾ (കൊറാജൻ) പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| ഇഞ്ചി | ഫ്യൂസേറിയം അഴുകൽ | രോഗബാധിതമായ ചെടികൾ പറിച്ച് നീക്കി നശിപ്പിച് ചെഷണ്ട് സംയുക്തമോ 1% ബോർഡോ മിശ്രിതമോ 0.3% മാങ്കോസെബോ ഒഴിച്ച് മണ്ണ് കുതിർക്കുക. |
| ശീതകാല പച്ചക്കറികൾ | പരിപാലനം | പറിച്ചുനട്ടു 40 ദിവസം കഴിയുമ്പോ രണ്ടാം വളമായി സെൻറ്റിനു 650 ഗ്രാം യൂറിയ, 415 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ ചേർക്കുക. കോളിഫ്ലവർ പൂവിരിഞ്ഞു പകുതി മൂപ്പെത്തുമ്പോൾ (ഏകദേശം 2 ഇഞ്ച് വ്യാസം) കർഡിന് ചുറ്റുമുള്ള 3-4 ഇലകൾ കൊണ്ട് പൊതിഞ്ഞു കൂട്ടിച്ചേർത്തു കെട്ടണം (വെണ്മറ). ഇത് മൂലം സൂര്യപ്രകാശം നേരിട്ട് പതിക്കുന്നത് മൂലമുള്ള പ്രശ്നങ്ങൾ ഒഴിവാകുന്നു. |

മത്സ്യകൃഷി:- വെയിൽ കൂടുന്നതിനാൽ പടുതാക്കുളത്തിൻറെ മുകളിൽ ഷെയ്ഡ് നെറ്റ് പോലുള്ളവ ഒരു മറയായി കെട്ടാവുന്നതാണ്. ഇങ്ങനെ പച്ച പ്ലവകങ്ങളുടെ അളവ് കൂടുന്നത് ഒരു പരിധി വരെ നിയന്ത്രിക്കാം.